തീവ്രവാദ വിരുദ്ധ സ്കാഡ്

8 (1472) ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ ശക്തമാകുന്ന സാഹചര്യത്തിൽ ഇതേക്കുറിച്ച് കാര്യക്ഷമമായി അന്വേഷിക്കുന്നതിന് പുതിയ ഒരു തീവ്രവാദ വിരുദ്ധ സ്കാഡ് രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ തീവ്രവാദ കേസ്സുകളുടെ അന്വേഷണത്തിനായി നിയോഗിച്ചിരുന്ന ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഈ ടീമിന്റെ പ്രവർത്തനം നിർത്തലാക്കിയതിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ;

(ഡി) പുതുതായി രൂപീകരിക്കുന്ന തീവ്രവാദ വിരുദ്ധ സ്കാഡിന്റെ ഘടനയും പ്രവർത്തന രീതികളും എന്തായിരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(ഇ) ഈ സേനാ രൂപീകരണത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ എന്തൊക്കെ സഹായ സഹകരണങ്ങളാണ് ലഭിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ ശക്തമാകുന്ന സാഹചര്യം നിലവിലില്ല. എന്നിരുന്നാലും തീവ്രവാദ പ്രവർത്തനങ്ങൾ കാര്യക്ഷമമായി അന്വേഷിക്കുന്നതിന് പുതിയ ഒരു ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(ബി) 17-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2333/10/ആഭ്യന്തരം പ്രകാരം ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ എ.ഡി.ജി.പി. ക്രൈംസിന്റെയും എ.ഡി.ജി.പി. ഇന്റലിജൻസിന്റെയും നേതൃത്വത്തിൽ ഒരു ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗം (ഐ.എസ്.ഐ.ബി.) രൂപീകരിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽ ഒരു എസ്.പി., രണ്ട് ഡി.വൈ.എസ്.പി., രണ്ട് സർക്കിൾ ഇൻസ്പെക്ടർമാർ, രണ്ട് സബ് ഇൻസ്പെക്ടർമാർ, രണ്ട് ഹെഡ് കോൺസ്റ്റബിൾമാർ എന്നിവരേയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തീവ്രവാദ കേസ്സുകളുടെ അന്വേഷണത്തിനായി മുൻപ് നിയോഗിച്ചിരുന്ന ജോയിന്റ് ഇൻവെസ്റ്റിഗേഷൻ ടീം ഇപ്പോൾ നിലവിലില്ല. ഈ ടീമിന്റെ തലവനായി പ്രവർത്തിച്ചിരുന്ന ശ്രീ. റ്റി. കെ. വിനോദ്കുമാർ, ഐ.പി.എസ്. ഡെപ്യൂട്ടേഷനിൽ പോയതിനാലും ഈ ടീം അന്വേഷിച്ചുകൊണ്ടിരുന്ന കേസ്സുകൾ എല്ലാം എൻ.ഐ.എ. ഏറ്റെടുത്തതുകൊണ്ടും പുതിയ അന്വേഷണ വിഭാഗത്തെ നിയമിച്ചതിനാലുമാണ് ജെ.ഐ.റ്റി.-യുടെ പ്രവർത്തനം ഇപ്പോൾ നിലവിലില്ലാത്തത്.

(ഡി) പുതുതായി നിയമിച്ചിട്ടുള്ള 'ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗം' ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ എ.ഡി.ജി.പി. ക്രൈംസിന്റെ ഭരണപരവും എ.ഡി.ജി.പി., ഇന്റലിജൻസിന്റെ പ്രവർത്തനപരവുമായ നിയന്ത്രണത്തിലുമായിരിക്കും പ്രവർത്തിക്കുക. ഈ വിഭാഗം ക്രൈംബ്രാഞ്ചിന്റെ ഒരു പ്രത്യേക യൂണിറ്റായി പ്രവർത്തിക്കും. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ആഭ്യന്തര സുരക്ഷ) ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതായിരിക്കും. ഐ.എസ്.ഐ.ബി. വിഭാഗത്തിന് കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ക്യാമ്പ് ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്.

(ഇ) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

എമിഗ്രേഷൻ കൗണ്ടറുകളിൽ ജീവനക്കാരില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി

9 (1473) ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ നിയമിക്കുന്ന ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം ഇല്ലാത്തതു കാരണം സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നതായ പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുണ്ടോ ;

(സി) എമിഗ്രേഷൻ കൗണ്ടറുകളിൽ ഇപ്പോൾ സംസ്ഥാന പോലീസ് വകുപ്പിൽനിന്നും നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിലെ എമിഗ്രേഷൻ കൗണ്ടറുകളിൽ മതിയായ ജീവനക്കാരില്ലാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം എയർപോർട്ട് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly